പ്രേഷിതാവ്

സരസ്വതി.എം
സുവർണ്ണ, റ്റി.സി. 24/1249(1),
വലിയശാല, ചാല പി.ഒ, തിരുവനന്തപുരം-36.

സ്വീകർത്താവ്

The State Public Information Officer
Directorate of Social Justice
5th Floor, Vikas Bhavan.

COURT FEE INDIA TEN RUPEES

OFFICE OF THE DIRECTOR OF SOCIAL JUSTICE ★ TRIVANDRUM ★
05 JAN 2017

00242

സർ,

വിഷയം - വിവരാവകാശ നിയമം 2005 ക്ലർക്ക് ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവുവിവരങ്ങൾ സംബന്ധിച്ച്.

താങ്കളുടെ വകുപ്പിൽ (ഡയറക്ടറേറ്റിലും, വകുപ്പിന് കീഴിൽ തിരുവനന്തപുരം ജില്ലയിലെ മറ്റ് അനുബന്ധ **ഓഫീസുകളിലും) ക്ലർക്ക് ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിലെ ഒഴിവുകൾ സംബന്ധിച്ച് താഴെ പറയുന്ന** വിവരങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ താല്പര്യപ്പെടുന്നു.

1. താങ്കളുടെ വകുപ്പിൽ (ഡയറക്ടറേറ്റിലും, വകുപ്പിന് കീഴിൽ തിരുവനന്തപുരം ജില്ലയിലെ മറ്റ് അനുബന്ധ ഓഫീസുകളിലും) ക്ലർക്ക് ടൈപ്പിസ്റ്റ് തസ്തികയുടെ ആകെ sanctioned strength എത്രയാണെന്ന് വ്യക്തമാക്കാമോ?
2. താങ്കളുടെ വകുപ്പിൽ ക്ലർക്ക് ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിൽ എത്ര ഉദ്യോഗസ്ഥർ പി.എസ്.സി വഴി സ്ഥിരനിയമനം ലഭിച്ച് ജോലിചെയ്തു വരുന്നു എന്ന് വ്യക്തമാക്കാമോ?
3. താങ്കളുടെ വകുപ്പിൽ ക്ലർക്ക് ടൈപ്പിസ്റ്റ് തസ്തികയിൽ ഡെപ്യൂട്ടേഷൻ/എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്/ദിവസ വേതനം/കോൺട്രാക്ട് അടിസ്ഥാനം/മറ്റ് താല്ക്കാലിക അടിസ്ഥാനം എന്നീ നിലകളിൽ എത്രപേർ ജോലിചെയ്തുവരുന്നു? പി.എസ്.സി 31.08.2016-ന് പ്രസിദ്ധീകരിച്ച ക്ലർക്ക് ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽ നിന്നും ടി.താല്ക്കാലിക ജീവനക്കാർ ജോലിചെയ്തു വരുന്ന ഒഴിവുകൾ നികത്തുന്നതിനായി താങ്കളുടെ ഓഫീസ് നടപടി സ്വീകരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളുടെ എണ്ണം, ഫയൽ നമ്പർ, തീയതി എന്നിവ വ്യക്തമാക്കാമോ?
4. **ബഹു. കേരള സർക്കാരിന്റെ ഉത്തരവ് പ്രകാരം 31.12.2016 വരെ എത്ര ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്? റിപ്പോർട്ട് ചെയ്യപ്പെട്ടവയിൽ എത്ര Anticipatory ഒഴിവുകൾ ഉൾപ്പെടുന്നു?** ഇത്തരത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട/ചെയ്യപ്പെടാനുള്ള Anticipatory ഒഴിവുകൾ താങ്കളുടെ വകുപ്പിൽ ഒഴിവായി പരിഗണിക്കപ്പെടുന്നത് ഏതെല്ലാം തീയതികളിലാണ്? Anticipatory ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലായെങ്കിൽ ആയത് വ്യക്തമാക്കാമോ?
5. താങ്കളുടെ വകുപ്പിൽ ക്ലർക്ക് ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിൽ ജോലിചെയ്തുവന്നിരുന്ന ഏതെങ്കിലും ഉദ്യോഗസ്ഥർക്ക് മറ്റ് സർക്കാർ വകുപ്പുകളിലേയ്ക്കോ, സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനി/ബോർഡ്/കോർപ്പറേഷനുകൾ മുതലായവയിലേയ്ക്കോ, സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്കോ ഡെപ്യൂട്ടേഷൻ അനുവദിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ഡെപ്യൂട്ടേഷൻ അനുവദിച്ച തീയതി, ഡെപ്യൂട്ടേഷൻ അനുവദിച്ച സ്ഥാപനത്തിന്റെ പേര്, അഡ്രസ്സ്, ഡെപ്യൂട്ടേഷൻ അനുവദിച്ച ഉത്തരവ് നമ്പർ എന്നിവ വ്യക്തമാക്കാമോ?
6. താങ്കളുടെ വകുപ്പിൽ ക്ലർക്ക് ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് മറ്റ് സർക്കാർ വകുപ്പുകളിൽ നിന്നോ, സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനി/ബോർഡ്/കോർപ്പറേഷനുകൾ മുതലായവയിൽ നിന്നോ, സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നോ ഉള്ള ഉദ്യോഗസ്ഥർക്ക് ഡെപ്യൂട്ടേഷൻ അനുവദിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ഡെപ്യൂട്ടേഷൻ അനുവദിച്ച തീയതി, ഡെപ്യൂട്ടേഷൻ അനുവദിച്ചു നൽകിയ ഉദ്യോഗസ്ഥന്റെ മാതൃസ്ഥാപനത്തിന്റെ പേര്, അഡ്രസ്സ്, ഡെപ്യൂട്ടേഷൻ അനുവദിച്ച ഉത്തരവ് നമ്പർ എന്നിവ വ്യക്തമാക്കാമോ?

വിശ്വസ്തതയോടെ

സരസ്വതി.എം

02.01.2017
തിരുവനന്തപുരം